[ഇതു കടുവും ഉഷ്ണവുമാകുന്നു. മദഗന്ധമുണ്ട്. രസായനമാണ്. വ്രണം, കൃമി, വാതകഫരോഗങ്ങൾ ഇവയെ കളയും. താപസന്മാർ ഇതിന്റെ കായ് ഭക്ഷിക്കും. ഓടലെണ്ണയ്ക്കു കശപ്പുണ്ട്. വളരെ ലഘുവാണ്. വാതത്തെ ശമിപ്പിക്കും. ഉഷ്ണമാണത്രെ. ഓടൽക്കുരു സ്വാദാണ്. അത്യുഷ്ണമല്ല. ത്രിദോഷഘ്നമാകുന്നു.]

ഓടം-ജലത്തിൽ സഞ്ചരിക്കുന്നതിനുള്ള ഒരുമാതിരി തോണി. ഉ-ം, 'പള്ളിയോടം'. (അടിമരാൽ എന്നതു നോക്കുക)

ഓടം-അ. ഓളം. ഉ-ം, ഏത്രോടം, ഏത്രത്തോടം=ഏതുവരെ.

ഓടൽ-ഒരു വള്ളി. (ഓടമരം നോക്കുക.)

ഓടാമ്പൽ-വാതലടച്ചു പൂട്ടുന്നതിന് ഇരിമ്പുകൊണ്ടുണ്ടാക്കി തറയ്ക്കുന്ന ഓടുതണ്ട്, സാക്ഷ, തഴുത്.

ഓടി-വേഗവും ഭംഗിയുമുള്ള ഒരുമാതിരി ചെറിയ വള്ളം.

ഓട്ടുക-പ്ര. പായുക. ദ്വി. കപ്പൽപോവുക. തൃ. തടവില്ലാതിരിക്കുക. ഉ-ം, 'എന്റെ വാക്ക് അവനു് ഓട്ടുന്നില്ല'.

ഓട്ട-ചെറിയദ്വാരം.

ഓട്ടക്കഴയാൻ-അല്പബുദ്ധിയുള്ളവൻ.

ഓട്ടക്കൈ(യ്)-വി. കൈയിൽ ദ്രവ്യം ഇരിക്കാത്ത.

ഓട്ടട-മാട്ടപ്പം. പര്യായങ്ങൾ-അപൂപം, പോളി, അഭ്യൂഷം.

[അരിമാവ്, ഗോതമ്പുമാവ് ഇവ കൊണ്ടുണ്ടാക്കുന്നതാണ്. പോളി മുതലായതും ഇതിൽ ചേരും. ഇവക്കു ചുരുങ്ങിയ ഭേദപ്പാടുള്ളു.]

ഓട്ടൻതുള്ളൽ-തുള്ളക്കളി.

[തുള്ളക്കഥയുടെ പ്രഥമപ്രണയിതാവ് പ്രസിദ്ധകവിശിരോമണിയായ കലക്കത്തു കുഞ്ചൻനമ്പ്യാരാകുന്നു. ഇതിന്റെ ആവിർഭാവത്തിനു കാരണം അദ്ദേഹവും ഒരു ചാക്യാരും തമ്മിലുണ്ടായ രസക്കേടാണ്. തുള്ളൽ മൂന്നുവിധം ഉണ്ട്. പ്ര. ഓട്ടൻ—പതിനാലുവൃത്തത്തിലെ ആദിവൃത്തം 'ഗുണഗണമിയലും ഗണനായകനം' എന്നപോലെ ഇരിക്കും. ദ്വി. ശീതങ്കൻ-ഇതു മുറക്കാരകൊണ്ടു ഓട്ടനിൽ താണതാണ്. 'രംഭേനിനക്കമെനിക്കുവിപിനവും' എന്ന കിളിപ്പാട്ടുരീതി. തൃ. പറയൻ-ഇതു ശീതങ്കനിലും പതിഞ്ഞരീതിയിലുള്ളതാകുന്നു. പതിനാലുവൃത്തത്തിലെ നവമവൃത്തം 'തേരിൽനിന്നങ്ങിറങ്ങിവിളങ്ങുമംബുജലോചനൻ' എന്നപോലെ.]

ഓട്ടപ്പം-ഓട്ടട. [ഓട്ടട നോക്കുക]

ഓട്ടപ്പെടുത്തുക-തുള (ദ്വാരം) ഉണ്ടാക്കുക.

ഓട്ടഭൂമി-നല്ല വളമുള്ള ഭൂമി. (മലയംഭൂമി)

ഓട്ടം-പ്ര. പാച്ചിൽ. പര്യായങ്ങൾ-പ്രദ്രവം, ഉദ്രാവം, സംദ്രാവം, വിദ്രവം, ദ്രവം, സന്ദാവം, അപക്രമം, അപയാനം. ദ്വി. നല്ലഗ്രഹണശക്തി. ഉ-ം, 'ബുദ്ധിക്ക് ഓട്ടം ഉണ്ട്'.

ഓട്ടാളൻ-പ്ര. ദൂതൻ. ദ്വി. ചാരൻ. തൃ. ഓടുന്നവൻ.

ഓട്ടി-കപ്പിത്താൻ, കപ്പലോടിക്കുന്നവൻ.

ഓട്ടുകലം-വറകലം, ഓടുകൊണ്ടുണ്ടാക്കിയ ഒരു പാത്രം.

ഓട്ടുപണിക്കാരൻ-മൂശാരി.

ഓട്ടുപാത്രം-ഓടുകൊണ്ടുള്ള പാത്രം.

ഓട്ടുമേനി-വി. ഓടിന്റെ നിറമുള്ള.

ഓട്ടുവള-ഓടുകൊണ്ടുള്ള കൈയാഭരണം.

ഓട്ടേരിമ-ഒരുമാതിരി ഭക്ഷണം. (മൂട്ട)

ഓട്ടേണം-ഓടിക്കണം, വേഗത്തിൽ പറഞ്ഞയക്കണം.

'ഓട്ടേണം [illegible]'

(സന്താനഗോപാലം-പാന)

ഓർകാലി-ഉവർകാലി.

ഓൎക്കുക വിചാരിക്കുക, നിനയ്ക്കുക. [കാ. ക്രി. ഓൎമ്മിക്കുക].

ഓൎച്ച-ഹ. വിചാരം. വ. വിശ്വാസം.
'ഓൎച്ചയുംപൂണ്ടുപറഞ്ഞുനിന്നീടിനാൻ'
(കൃഷ്ണഗാഥ)

ഓൎച്ച, ഉയൎച്ച-പൊക്കമുള്ള സ്ഥലം, ഉയരം.

ഓർനിലാ-പടന്ന. പൎയ്യായങ്ങൾ-ഉഷരവാൻ, ഉഷരം.

ഓൎപ്പ്-ഓൎമ്മനോക്കുക.

ഓൎമ്മ-സ്മരണം, വിചാരം.

ഓൎമ്മകേട്-മറവി.

ഓർമിന്നൽ-ഉപ്പുവെള്ളത്തിന്റെ പ്രകാശം.

ഓൎവ്വ-ഹ. വിചാരം. വ. ഓൎമ്മ.

ഓല, ഒല്ല-വി. നനഞ്ഞ.

ഓല-അ. തുള്ളിയായിട്ട്.

ഓല-ഹ. തെങ്ങു പന മുതലായ വൃക്ഷങ്ങളുടെ ഇല. വ. കാതിലിടുന്ന ഒരാഭരണം.

ഓല, ഒല്ല-അ. അരുത്. [ഒല്ലനോക്കുക]

ഓലക്കം-ഹ. മനോഹരത്വം. വ. പ്രഭാവം. ന. പ്രകാശം. ര. ആഡംബരം. ഇ. മഹത്വം. ന്ദ. ഓളാങ്കം, കളി.
'ചാലക്കലൻ കളിച്ചുനിന്നീടിനാൻ
ഓലക്കം ചേരുന്ന ബാലതമായ്'
(കൃഷ്ണഗാഥ)

ഓലക്കരണം-ഓലപ്രമാണം.

ഓലക്കെട്ട്-കെട്ടിടം ഓലകെട്ടുക.

ഓലക്കെട്ടിക്കുക-ഊട്ടവലിക്കുക, ഇടയോല വലിക്കുക.

ഓലങ്കാ-എണ്ണ അളക്കുന്ന ഒരു മാതിരി പാത്രം [ഇതു തവിടാപോലെയിരിക്കും]

ഓലച്ചെവിയൻ-ചെവിയരു വേട്ടയിലുള്ള പേർ.

ഓലൻ-"എരു കറിയിൽ കഷ്ണങ്ങൾ അതി 'ലോലം' ആയിരിക്കുന്നുവോ അതു ഓലൻ. ഈ ലക്ഷണങ്ങളോടുകൂടി കറികൾ വേറെയും ഉണ്ട്. എന്നാലും ഒരു ഒതുക്കവും, വകറികാളൊട്ടുള്ള വണക്കവും, ചന്ദ്രമണ്ഡലത്തിന്റെ കാന്തിയും ഓലനു മാത്രമേ കാണുന്നുള്ളൂ."

ഓലപ്പണം-രാജമുദ്ര പതിച്ച എഴുത്തോലയുടെ വില.

ഓലപ്പുര-ഹ. ഓലകെട്ടിയപുര. വ. ഓല വില്പാൻ വെച്ചിട്ടുള്ള പുര.

ഓലപ്പുറംമറിയുക-തല കീഴ്മേൽ മറിയുക. [വടത്തിനുൽ ബന്ധിപ്പകാരുടെ മറിച്ചിൽ സാധാരണയാണല്ലൊ].

ഓലപ്പെട്ടി-ആധാരപ്പെട്ടി.

ഓലം-ഹ. സഹായിപ്പാൻ വേണ്ടിയുള്ള വിളി, വ. ചേന.

ഓലം, ഓലൻ-ഒരു കറി. ('ഓലൻ നോക്കുക.)

ഓലമടൽ-ഓലയുടെ തണ്ട്.

ഓലമത്സ്യം-വാൾമീൻ.

ഓലമാരി, ഒലമാരി-ഒരു മാതിരികപ്പൽ.

ഓലമൂറിയൻ-ഒരു പക്ഷി, ഒരുചാത്തൻ.

ഓലയെഴുത്തൻ-രായസംപിള്ള.

ഓലി-ഹ. വട്ടം കുറഞ്ഞ കുളം. വ. ആറ മണലിൽ മാന്തിയുണ്ടാക്കുന്ന കുഴി, ന. നരി. ര. നിലവിളി, ശബ്ദം.

ഓലുക-ഒഴുകുക.

ഓലും-വി. ഒഴുകുന്ന.
'പാരചാലും മൊഴിമാർ കലതിലാകേ'
(കിമ്മീരവധം കഥകളി)

ഓലോകനം-ഉല, കൊല്ലന്റെ ഇരിപ്പുപണിസ്ഥലം.

ഓലോല-അ. തുള്ളിതുള്ളിയായിട്ട്.

ഓലോലൻ-ഒരു കറി.

ഓല്ലാ-ആറ് ഭാഗ്യം.

ഓവ്-ജലം ഒഴുകി പുറത്തുപോകുവാനായി വേലിയങ്ങളിലും മറവും കെട്ടുന്നത്. പൎയ്യായം-പ്രണാളി (പ്രണാളം).

ഓശ, ഓച-ശബ്ദം, ഒച്ച.

ഓശക്കുഴൽ-വാദ്യ യ ഊതുകുഴൽ.

# ഔ

**ഔ** ഒരു സ്വരാക്ഷരം. [അ+ഉ= ഔ.]

ഔ—പു. ശബ്ദം. ൨. അനന്തൻ. ൩. ഭൂമി.

ഔ—അ. പു. വിളി. ൨. വിരോധം, എതിർപ്പ്. ൩. സൂക്ഷ്മപദാനം, നിശ്ചയവാക്ക്.

ഔകാരം—'ഔ' എന്ന അക്ഷരം.

ഔക്ഷകം, ഔക്ഷം—കാളക്കൂട്ടം.

ഔഖ്യ—വി. പാത്രത്തിൽ വേവിച്ച.

ഔഗ്ര്യം—ഉഗ്രത, കാഠിന്യം, ക്രൗര്യം, ഭയങ്കരം.

ഔചിതി, ഔചിത്യം—യോഗ്യത, അർഹത, ചേർച്ച.

ഔജസിക—വി. അതിബലമുള്ള.

ഔജസം—സ്വർണ്ണം.

ഔജസ്യം—ബലം.

ഔജ്ജ്വല്യം—(ഉജ്ജ്വലത) പ്രകാശം, കാന്തി, ശോഭ.

ഔഡ—വി. നനഞ്ഞ.

ഔഡുപികൻ—വള്ളം കേറി പോകുന്നവൻ.

ഔഡ്രപുഷ്പം—ചെമ്പരത്തി.

ഔഡവ—വി. ഉഡുവിനെ (നക്ഷത്രത്തെ) സംബന്ധിച്ച

ഔത്തമി മൂന്നാമത്തെ മനു.

ഔത്തര—ഉത്തരദിക്കിനെ സംബന്ധിച്ച.

ഔത്തരേയൻ—പരീക്ഷിത്ത് അഭിമന്യുവിന് ഉത്തരയിൽ ഉണ്ടായവൻ.

ഔത്താനപാദൻ—ധ്രുവൻ എന്ന രാജാവ്. ഉത്താനപാദന്റെ പുത്രൻ എന്നർത്ഥം.

ഔത്തരാഹൻ—ഉത്തരദിക്കിലുള്ളവൻ.

ഔത്ഭിദം—ഉവരുപ്പ്, പൊടിയുപ്പ്.

ഔത്സുക്യം—പു. ഇഷ്ടമായ അർത്ഥത്തെക്കുറിച്ചുള്ള ഉത്സാഹം. ൨. താൽപര്യം. ൩. അധികമുള്ള ആഗ്രഹം.

ഔദകം—ഉദക(വെള്ള)ത്തെ സംബന്ധിച്ചു
'ഔദകമായൊരു പിണ്ഡവും കർമ്മവും'
(കൃഷ്ണഗാഥ)

ഔദനികൻ—വെപ്പുകാരൻ, ചോറുവെക്കുന്നവൻ. ഓദനം ശില്പമായിട്ടുള്ളവൻ എന്നർത്ഥം.

ഔദരിക—വി, തന്നത്താൻ പോററുന്ന.
[ഉദരത്തിൽ താൽപര്യമുള്ളവൻ ഔദരികൻ. ഐഹികപാരത്രികങ്ങളായി ഒരുവന് അനേകം കാര്യങ്ങൾ ലഭിക്കേണ്ടതായുണ്ട്. വിശപ്പുനിമിത്തം ആ കാര്യങ്ങൾ ഇല്ലാതായിത്തീർന്നവൻ എന്നർത്ഥം. മറൊരുപക്ഷം—ആത്മൗനൻ]

ഔദാര്യം—പു. ഉദാരത, വളരെ കൊടുക്കുന്ന സ്വഭാവം. ൨. മഹത്വം. ൩. നായികാശ്രയങ്ങളായ ഇരുപത്തെട്ടലങ്കാരങ്ങളിൽ ഒന്ന്. 'ഔദാര്യം വിനയസ്സദാ' എപ്പോഴും വിനയത്തോടുകൂടിയിരിക്കുന്നത് 'ഔദാര്യം' എന്നാകുന്നു.

ഔദകം—ഉദകം (ജലം) സംബന്ധിച്ചത്.

ഔദുംബരം—പു. അത്തിമരം. ൨. ചെമ്പ്.

ഔദുംബര—വി. പു. അത്തിയെ സംബന്ധിച്ച. ൨. ചെമ്പിനെ സംബന്ധിച്ച.

ഔദ്ദാലകം—ഉദ്ദാലകം എന്ന മധു(?).

ഔദ്ഭിജ്ജം—പൊടിയുപ്പ്.

ഔദ്ഭിദം—പൊടിയുപ്പ്.

ഔദ്ഭിദസലിലം—മലരി.

ഔധസ്യം—പാല്.

ഔപത്യാഭിഹാര—സാംഖ്യശാസ്ത്രപ്രകാരം ബന്ധനമന്ധനങ്ങൾ ചേർക്കുന്നതിൽ ഉൾപ്പെട്ട ഉപദേശങ്ങളിലൊന്ന്.

ഔപമ്യം—പു. സാദൃശ്യം. ൨. തുല്യം.

ഔന്നത്യം—ഉയർച്ച, വലിപ്പം, മാഹാത്മ്യം. പര്യായങ്ങൾ—ചിത്തസമുന്നതി, മാനം.

ഔന്നത്യ—ഉന്നത, നിർഭാഗ്യം, കഷ്ടത, ദുഃഖം, അരിഷ്ടത, ദൗർഭാഗ്യം.

